# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 1**

---

## ഭരണഭാഷാ വാരാഘോഷത്തിന് തുടക്കമായി

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഭരണഭാഷാ പ്രതിജ്ഞയ്ക്കും അദ്ദേഹം നേതൃത്വം നൽകി.*

*സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. എ.എസ്. സുമേഷ്, ഡോ. ബാബു മൈക്കിൾ, ഡോ. സെനോ ജോസ്, അരുൺ കെ. ശശീന്ദ്രൻ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സെനറ്റ് അംഗം എം.എസ്. സുരേഷ്, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.*

ഫോട്ടോ ക്യാപ്ഷൻ...
*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഭരണഭാഷാ വാരാഘോഷത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.*

*(പി.ആർ.ഒ/39/976/2024)*

## സ്കോളർഷിപ്പ്, സഹായധനം;
## 20 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റുഡന്റ്സ് വെൽഫെയർ ഫണ്ട് വഴി നൽകുന്ന സ്കോളർഷിപ്പുകൾ, കാഷ് അവാർഡുകൾ, ചികിത്സാ ധനസഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ നവംബർ 20ന് വൈകുന്നേരം അഞ്ചു വരെ സമർപ്പിക്കാം. വിശദ വിവരങ്ങളും അപേക്ഷാ ഫോറവും സർവകലാശാലാ വെബ്സൈറ്റിൽ(*www.mgu.ac.in*).*

*(പി.ആർ.ഒ/39/977/2024)*

## ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് പ്രോഗ്രാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന റഗുലർ ഫുൾടൈം ഹ്രസ്വകാല പ്രോഗ്രാമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡാറ്റ ആന്റ് ബിസിനസ് അനലിറ്റിക്സിന് ഇപ്പോൾ അപേക്ഷിക്കാം. ഡിഗ്രിയാണ് യോഗ്യത. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ (*www.dasp.mgu.ac.in*) ഫോൺ-8078786798, 0481 2733292. ഇമെയിൽ* :dasp@mgu.ac.in

*(പി.ആർ.ഒ/39/978/2024)*

## ഡിമെൻഷ്യ കെയർ കോഴ്സ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ ഡിമെൻഷ്യ കെയർ ആന്റ് കൗൺലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദ വിവരങ്ങൾ ഓഫീസിൽ ലഭിക്കും. ഫോൺ-9288757184, 9447226779.*

*(പി.ആർ.ഒ/39/979/2024)*

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം

*എം.ജി സർവകാലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2025 ജനുവരിയിൽ ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിംസ് കം മെയിൻസ് പരീക്ഷാ പരിശീലനത്തിന് അഡ്മിഷൻ ആരംഭിച്ചു. റഗുലർ, ഫൗണ്ടേഷൻ, ഈവനിംഗ് എന്നിങ്ങനെ വിവിധ ബാച്ചുകളുണ്ട്. പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും 9188374553 എന്ന നമ്പരിൽ ബന്ധപ്പെടണം.*

*(പി.ആർ.ഒ/39/980/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**